**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1785** **19-01-2021 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി .ടി .എ . റഹീം** | | **Dr.K.T.Jaleel**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അധിക നൈപുണ്യ ആർജ്ജന പദ്ധതി ( അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പാ സഹായത്തോടെയുള്ള ഒരു പദ്ധതിയാണ്. 2012-ൽ ആരംഭിച്ച പദ്ധതിയുടെ അടങ്കൽ തുകയിൽ 68 ശതമാനം എ.ഡി.ബി. വായ്പാ സഹായമായാണ് നിശ്ചയിക്കപ്പെട്ടിട്ടു ള്ളത്. അടങ്കൽ തുകയും പ്രവർത്തനങ്ങളും മറ്റും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങളും ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്റേഴ്സും (ഡി.എൽ.ഐ.) പദ്ധതി ആരംഭത്തിൽ തന്നെ നിർവ്വചിക്കുകയും നിശ്ചയിക്കപ്പെടുകയുമുണ്ടായി. ഇത്തരത്തിൽ നിർവ്വചിച്ച് നിശ്ചയിക്കപ്പെട്ട ഘടകങ്ങളിൽ പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അവയിൽ 9 എണ്ണം പൂർത്തീകരിച്ച് കഴിഞ്ഞു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലം നിർണയിച്ച് നിശ്ചയിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്തുള്ള സ്ഥലം പരിഗണിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും ടി സ്ഥലത്തിന്റെ പകുതി മുൻപ് പോലീസ് വകുപ്പിന് കൈമാറിട്ടുള്ളതും ബാക്കി ഭാഗം ഏറെ നാളായി ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കണ്ടെത്തി. ഈ സ്ഥലം കിടക്കുന്ന കുന്നിൻപ്രദേശത്തിന്റെ മുകൾഭാഗത്തേയ്ക്ക് എത്തിപ്പെടാനായി നീളമുള്ളതും |

| | | | |
|---|---|---|---|
| | | | കുത്തനെയുള്ളതുമായ അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടി വരുമെന്നും പോലീസ് വകുപ്പിന് നേരത്തെ കൈമാറിയിരുന്ന സ്ഥലത്തു നിന്നും ഗണ്യമായ ഭാഗം ലഭിച്ചാൽ മാത്രമേ അത്തരത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാവൂ എന്ന് കണ്ടെത്തിയതിനാൽ ടി സ്ഥലം പദ്ധതിക്കു അനുയോജ്യമല്ലായെന്നു വിലയിരുത്തപ്പെട്ടു. മറ്റു അനുയോജ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുവാൻ ഫണ്ട് വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നതിനാൽ കുന്നമംഗലത്തു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ഇപ്പോൾ നിർവാഹമില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ആയതുമായി ബന്ധപ്പെട്ട C4/98/2019-HE ഫയലിൻമേൽ എടുത്ത നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | അധിക നൈപുണ്യ ആർജ്ജന പദ്ധതി ( അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പാ സഹായത്തോടെയുള്ള ഒരു പദ്ധതിയാണ്. 2012-ൽ ആരംഭിച്ച പദ്ധതിയുടെ അടങ്കൽ തുകയിൽ 68 ശതമാനം എ.ഡി.ബി. വായ്പാ സഹായമായാണ് നിശ്ചയിക്കപ്പെട്ടിട്ടു ള്ളത്. അടങ്കൽ തുകയും പ്രവർത്തനങ്ങളും മറ്റും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങളും ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്റേഴ്സും (ഡി.എൽ.ഐ.) പദ്ധതി ആരംഭത്തിൽ തന്നെ നിർവ്വചിക്കുകയും നിശ്ചയിക്കപ്പെടുകയുമുണ്ടായി. ഇത്തരത്തിൽ നിർവ്വചിച്ചു നിശ്ചയിക്കപ്പെട്ട ഘടകങ്ങളിൽ പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാനത്തു 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റു അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അവയിൽ 9 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലം നിർണയിച്ചു നിശ്ചയിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്തുള്ള സ്ഥലം പരിഗണിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും ടി സ്ഥലത്തിന്റെ പകുതി മുൻപ് പോലീസ് വകുപ്പിന് കൈമാറിട്ടുള്ളതും ബാക്കി ഭാഗം ഏറെ നാളായി ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കണ്ടെത്തി. ഈ സ്ഥലം കിടക്കുന്ന കുന്നിൻപ്രദേശത്തിന്റെ മുകൾഭാഗത്തേയ്ക്കു എത്തിപ്പെടാനായി നീളമുള്ളതും കുത്തനെയുള്ളതുമായ അപ്രോച്ച് റോഡ് |

| | | | |
|---|---|---|---|
| | | | നിർമ്മിക്കേണ്ടി വരുമെന്നും പോലീസ് വകുപ്പിന് നേരത്തെ കൈമാറിയിരുന്ന സ്ഥലത്തു നിന്നും ഗണ്യമായ ഭാഗം ലഭിച്ചാൽ മാത്രമേ അത്തരത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാവു എന്ന് കണ്ടെത്തിയതിനാൽ ടി സ്ഥലം പദ്ധതിക്കു അനുയോജ്യമല്ലായെന്നു വിലയിരുത്തപ്പെട്ടു. മറ്റു അനുയോജ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുവാൻ ഫണ്ട് വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നതിനാൽ കുന്നമംഗലത്തു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ഇപ്പോൾ നിർവാഹമില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ